ഇത് ഗവൺമെന്റ് വളരെ താല്പര്യത്തോടെ, ഞാൻ കൊല്ലത്തുകാരനായതുകൊണ്ട് ഈ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്റെ കാലത്തുതന്നെ പൂർത്തീകരിക്കണമെന്ന് മനഃപ്പൂർവ്വമായ ഉദ്ദേശത്തിൽ കേന്ദ്രഗവൺമെന്റിൽ അസാമാന്യമായ സമ്മർദ്ദം ചെലുത്തികൊണ്ടിരിക്കുകയാണ്. ഏകദേശം ഇപ്പോൾ പണി തുടങ്ങിയ സ്റ്റേജിലാണ്. വളരെയധികം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടും അതിന്റെ പുറകിൽ പ്രത്യേകം ശ്രദ്ധയുള്ളതുകൊണ്ടുമാണ് അതിപ്പോൾ തുടങ്ങാൻ കഴിയുന്നത്. അതുപോലെതന്നെ കോഴിക്കോട് സൂപ്പർ സ്പെഷ്യാലറ്റി ആശുപത്രിയും അടിയന്തിരമായിതന്നെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും.

(14) മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. ടി. എസ്. ജോൺ: സർ, മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ല എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മല്ലപ്പള്ളിയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന പി.എച്ച്. സെന്ററിനുപകരം ബോർഡിൽ, മല്ലപ്പള്ളി താലൂക്കാശുപത്രി എന്ന് എഴുതി വച്ചിട്ടുണ്ട്. അതല്ലാതെ ഡോക്ടർമാരും മറ്റു സ്റ്റാഫും ഒന്നുമില്ല. സ്റ്റാഫില്ലെങ്കിൽ എങ്ങനെ താലൂക്കാശുപത്രിയാകും. താലൂക്കാശുപത്രിക്കാവശ്യമായിട്ടുള്ള തസ്തികകൾ പാറ്റേണനുസരിച്ച് ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് താലൂക്കാശുപത്രിക്ക് ആവശ്യമായ പാറ്റേൺ അനുസരിച്ചുള്ള തസ്തിക അനുവദിക്കുന്നതിനും അതുപോലെ തന്നെ ഡോക്ടർമാരേയും മറ്റു സ്റ്റാഫുകളേയും അനുവദിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിച്ച് തരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ): മല്ലപ്പള്ളി താലൂക്കാശുപത്രിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. എന്റെ കയ്യിലുള്ള രേഖകൾ വച്ചുകൊണ്ട് ഞാൻ പറയാം. മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ 22 കിടക്കകളാണുള്ളത്. ഇവിടെ ഒരു സിവിൽ സർജൻ, ഒരു അസിസ്റ്റന്റ് സർജൻ, ഒരു ഹെഡ് നേഴ്സ്, രണ്ടു സ്റ്റാഫ് നേഴ്സ് എന്നിവരുൾപ്പെടെ 17 ജീവനക്കാർ നിലവിലുണ്ട്. ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണമനുസരിച്ചാണ് സ്റ്റാഫിനെ അനുവദിക്കുന്നത്. അതനുസരിച്ച് ഉള്ളവരുടെ എണ്ണം കൂടുതലാണ്. താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടെങ്കിലും 82 കിടക്കകളുള്ള ആശുപത്രിക്ക് ആവശ്യമായ കിടക്കകളുടെ എണ്ണവും മറ്റു അടിസ്ഥാന സൗകര്യങ്ങളും അവിടെ സജ്ജമാക്കിയിട്ടില്ല. ഇതെല്ലാം ലഭ്യമാക്കിയതിനുശേഷം ധനലഭ്യതയനുസരിച്ച് മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ അനുവദനീയമായ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. അവിടെ വലിയ ജനത്തിരക്കും അസൗകര്യമൊക്കെയുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് അടിയന്തിരമായി ഇക്കാര്യങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly